# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:14.05.2025**

## പ്രധാനവാർത്തകൾ

1) സായുധസേനയുടെ ധീരതയെയും അർപ്പണബോധത്തെയും പ്രശംസിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. ശാസ്ത്ര സാങ്കേതിക മേഖലയിലെ രാജ്യത്തിൻറെ നേട്ടങ്ങൾ ഓപ്പറേഷൻ സിന്ദൂറിൻറെ വിജയത്തിൽ നിർണായകമായതായി കേന്ദ്രസർക്കാർ.

2) ഓപ്പറേഷൻ സിന്ദൂറിൻറെ വിജയത്തിൽ ഇന്ത്യൻ സൈന്യത്തിന് അഭിവാദ്യം അർപ്പിച്ചു കൊണ്ട് തിരുവനന്തപുരത്ത് ത്രിവർണ്ണ സ്വാഭിമാന യാത്ര നടന്നു.

3) പ്ലസ് വൺ പ്രവേശന നടപടിക്രമങ്ങൾക്ക് സംസ്ഥാനത്ത് ഇന്ന് തുടക്കമായി. സ്കൂൾ തുറക്കലിനുള്ള മുന്നൊരുക്കങ്ങൾ പുരോഗമിക്കുന്നതായി മന്ത്രി വി ശിവൻകുട്ടി.

4) വോട്ടർ പട്ടികയിൽ ഒന്നിലധികം തവണ പേര് ചേർക്കുന്നത് ശിക്ഷാർഹമാണെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ.

5) തിരുവനന്തപുരത്ത് അഭിഭാഷകയെ, സീനിയർ അഭിഭാഷകൻ മർദിച്ച സംഭവത്തിൽ റിപ്പോർട്ട് തേടി മന്ത്രി വീണാ ജോർജ്.

6) ഇടവമാസ പൂജയ്ക്കായി ശബരിമല ക്ഷേത്ര നട തുറന്നു.

RNUTVPM

&&&&&&&&&&&&&&&&&&

## രാഷ്ട്രപതി

ഇന്ത്യൻ സായുധസേനയുടെ ധീരതയെയും അർപ്പണബോധത്തെയും പ്രശംസിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. ഭീകരതയ്ക്ക് എതിരെ ഇന്ത്യ വിജയകരമായ പ്രതികരണമാണ് നടത്തിയതെന്നും സേനാ നേതൃത്വവുമായുള്ള കൂടിക്കാഴ്ചയിൽ രാഷ്ട്രപതി വ്യക്തമാക്കി. സംയുക്ത സേനാ മേധാവി ജനറൽ അനിൽ ചൗഹാൻ, കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി, നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠി, വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ എ പി സിംഗ് എന്നിവരാണ് ഓപ്പറേഷൻ സിന്ദൂറിൻ്റെ വിശദാംശങ്ങൾ പങ്കുവയ്ക്കുന്നതിനായി രാഷ്ട്രപതിയെ നേരിൽക്കണ്ടത്.

RAJU TVPM

&&&&&&&&&&&&&&&&&&

## കേന്ദ്രമന്ത്രി സഭ (ഇൻട്രോ)

രാജ്യത്തെ ആറാമത്തെ സെമി കണ്ടക്ടർ യൂണിറ്റ് ഉത്തർപ്രദേശിലെ ജെവർ വിമാനത്താവളത്തിൽ 3,700 കോടി രൂപാ ചെലവിൽ സ്ഥാപിക്കാൻ കേന്ദ്രമന്ത്രിസഭാ തീരുമാനം. HCL, ഫോക്സ്കോൺ സംയുക്ത സംരംഭമായാണ് ഇത് നടപ്പാക്കുക. രാജ്യത്ത് 5 സെമികണ്ടക്ടർ യൂണിറ്റുകൾ

നിർമാണത്തിൻറെ വിവിധ ഘട്ടങ്ങളിലാണെന്നും മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ശാസ്ത്ര സാങ്കേതിക മേഖലയിലെ രാജ്യത്തിൻറെ നേട്ടങ്ങൾ ഓപ്പറേഷൻ സിന്ദൂറിൻറെ വിജയത്തിൽ നിർണായകമായെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

&&&&&&&&&&&&&&&&&&

RNU TVPM

**എക്സ് നിരോധനം**

പാകിസ്ഥാൻ അനുകൂല പ്രചാരണം നടത്തിയതായി ചൂണ്ടിക്കാട്ടി ഗ്ലോബൽ ടൈംസ്, ഷിൻഹുവ ന്യൂസ് ഏജൻസി, TRT വേൾഡ് എന്നിവയുടെ എക്സ് അക്കൗണ്ടുകൾ ബ്ലോക്ക് ചെയ്ത് ഇന്ത്യ. ചൈനയുടെ ഔദ്യോഗിക ന്യൂസ് ഏജൻസിയാണ് ഷിൻഹുവ. ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ഇംഗ്ലീഷ് ടാബ്ലോയിഡായ ഗ്ലോബൽ ടൈംസിനും, തുർക്കിഷ് ദേശീയ മാധ്യമമായ TRT വേൾഡിനുമാണ് ഇന്ത്യ എക്സിൽ നിരോധനമേർപ്പെടുത്തിയത്.

&&&&&&&&&&&&&&&&&&

**തിരംഗാ യാത്ര - തിരുവനന്തപുരം**

ഓപ്പറേഷൻ സിന്ദൂറിലൂടെ ഭീകരവാദത്തിനെതിരെ ശക്തമായ സന്ദേശം നൽകിയ ഇന്ത്യൻ സൈന്യത്തിന് അഭിവാദ്യം അർപ്പിച്ചു കൊണ്ട് തിരുവനന്തപുരത്ത് ത്രിവർണ്ണ സ്വാഭിമാന യാത്ര സംഘടിപ്പിച്ചു. മ്യൂസിയം ജങ്ഷനിൽ നിന്ന് ആരംഭിച്ച തിരംഗാ യാത്രയിൽ വിമുക്ത ഭടന്മാരും ജനങ്ങളും അണിചേർന്നു. പഹൽഗാമിൽ ഭീകരർ കൊലപ്പെടുത്തിയവർക്കും ഓപ്പറേഷൻ സിന്ദൂറിൽ വീരമൃത്യു വരിച്ച സൈനികർക്കും ആദരാഞ്ജലികൾ അർപ്പിച്ചു. മറ്റന്നാൾ കണ്ണൂരിലും വിമുക്ത ഭടന്മാരുടെ നേതൃത്വത്തിൽ ത്രിവർണ്ണ സ്വാഭിമാന യാത്ര സംഘടിപ്പിക്കും.

RNU TVPM

&&&&&&&&&&&&&&&&&&

**ഗവായി**

സുപ്രീംകോടതിയുടെ 52-ാമത് ചീഫ് ജസ്റ്റിസായി, ജസ്റ്റിസ് ബി ആർ ഗവായി ഇന്ന് സത്യപ്രതിജ്ഞ ചെയ്തു. രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു.

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാർ, സുപ്രീം കോടതി ജഡ്ജിമാർ തുടങ്ങിയ പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

**പ്ലസ് വൺ**

സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശന നടപടിക്രമങ്ങൾക്ക് ഇന്ന് തുടക്കമായി. പൊതുവിദ്യാഭ്യാസ വകുപ്പിൻറെ ഹയർ സെക്കൻഡറി പ്രവേശന വെബ് സൈറ്റ് വഴി ഈ മാസം 20 ന് വൈകുന്നേരം 5 മണി വരെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. ട്രയൽ അലോട്ട്മെൻറ് 24 ന് നടക്കും. ജൂൺ 18 നാണ് ക്ലാസുകൾ ആരംഭിക്കുക.

&&&&&&&&&&&&&&&&&&

**മന്ത്രി വി ശിവൻകുട്ടി (ഇൻട്രോ)**

സ്കൂൾ

തുറക്കുന്നതുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾ - സംസ്ഥാനത്ത് പുരോഗമിക്കുന്നതായി മന്ത്രി വി ശിവൻകുട്ടി. സ്കൂൾ പ്രവേശനോത്സവം ജൂൺ രണ്ടിന് ആലപ്പുഴ കലവൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സ്കൂൾ പരിസര ശുചീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ കൃത്യമായി നടപ്പാക്കാൻ നിർദേശം നൽകിയതായും മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. സ്കൂൾ കെട്ടിടത്തിന്റെ ഫിറ്റ്നസ്, കുട്ടികളുടെ യാത്രാ സുരക്ഷ എന്നിവയും ഉറപ്പാക്കും. .സ്കൂൾ തലത്തിൽ പി.റ്റി.എ യോഗം ചേർന്ന് മുന്നൊരുക്കങ്ങൾ ആസൂത്രണം ചെയ്യണമെന്നും വിദ്യാഭ്യാസ മന്ത്രി നിർദ്ദേശിച്ചു.

RNU TVPM

(ഹോാൾഡ്)

**&&&&&&&&&&&&&&&&&&**

**അറിയിപ്പ്**

പ്രസരണിയിൽ അറ്റകുറ്റപണികൾ നടക്കുന്നതിനാൽ ആകാശവാണി തിരുവനന്തപുരം മീഡിയം വേവ് ട്രാൻസ്മിറ്റർ വഴിയുള്ള പ്രക്ഷേപണം നാളെ രാവിലെ 10.15 മുതൽ തടസ്സപ്പെടും. വൈകുന്നേരം 5.00 മണിവരെയോ അറ്റകുറ്റപ്പണി പൂർത്തിയാകുന്നതു വരെയോ ആണ് പ്രക്ഷേപണം തടസ്സപ്പെടുക.

**&&&&&&&&&&&&&&&&&&**

**വോട്ടർ പട്ടിക**

വോട്ടർ പട്ടികയിൽ ഒന്നിലധികം തവണ പേര് ചേർക്കുന്നത് ശിക്ഷാർഹമാണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. ഖേൽക്കർ. 1950-ലെ ജന പ്രാതിനിധ്യ നിയമം വകുപ്പ് 17, 18 പ്രകാരം രാജ്യത്ത് ഒന്നിലധികം നിയമസഭാ മണ്ഡലങ്ങളിലോ, ഒരു നിയമസഭാ മണ്ഡലത്തിൽ ഒന്നിലധികം തവണയോ വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ പാടില്ല. ഒരു സ്ഥലത്ത് വോട്ടുള്ള കാര്യം ബോധപൂർവ്വം മറച്ചുവച്ച് മറ്റൊരു സ്ഥലത്ത് പേര് ചേർക്കുന്നത് ഒരു വർഷം വരെ തടവ് ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. നിലവിൽ ഇത്തരത്തിൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ സ്ഥിരം താമസമില്ലാത്ത സ്ഥലത്തെ

RNU TVPM

വോട്ടർ പട്ടികയിൽ നിന്നും പേര് നീക്കം ചെയ്യുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കണമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. തിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടേഴ്സ് പോർട്ടലിൽ ഇതിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

**അഭിഭാഷകയെ മർദിച്ച കേസ്**

തിരുവനന്തപുരത്ത് ജൂനിയർ അഭിഭാഷകയെ സീനിയർ അഭിഭാഷകൻ മർദ്ദിച്ച സംഭവത്തിൽ കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകി മന്ത്രി വീണാജോർജ്. സംഭവത്തിൽ വനിതാ ശിശുക്ഷേമ വകുപ്പ് ഡയറക്ടറിൽ നിന്നും മന്ത്രി റിപ്പോർട്ട് തേടി. സീനിയർ അഭിഭാഷകൻ ബെയ്‌ലിൻ ദാസിനെതിരെ ഗുരുതര അച്ചടക്ക ലംഘനത്തിന് നടപടി സ്വീകരിക്കാൻ ബാർ കൗൺസിലിനോട് സർക്കാർ ആവശ്യപ്പെടുമെന്ന് മന്ത്രി പി രാജീവ് പറഞ്ഞു. മർദനമേറ്റ അഭിഭാഷകയെ മന്ത്രി സന്ദർശിച്ചു. അതേ സമയം, ബെയ്‌ലിൻ ദാസിനായുള്ള പോലീസിന്റെ തെരച്ചിൽ തുടരുകയാണ്. ഇയാളുടെ വഞ്ചിയൂരിലെ ഓഫീസിലെത്തി പൊലീസ് തെളിവെടുത്തു. ബെയ്‌ലിൻ ദാസിനെ ബാർ അസോസിയേഷൻ ഇന്നലെ സസ്പെൻഡ് ചെയ്തിരുന്നു. ബാർ കൗൺസിലിൻറെ നടപടിയും ഉടൻ ഉണ്ടാകുമെന്നാണ് സൂചനകൾ.

RNUTVPM

&&&&&&&&&&&&&&&&&&

**ജനീഷ് കുമാർ എംഎൽഎ**

പത്തനംതിട്ട കോന്നിയിൽ വനംവകുപ്പ് കസ്റ്റഡിയിൽ എടുത്തയാളെ എംഎൽഎ കെ യു ജനീഷ് കുമാർ മോചിപ്പിച്ച സംഭവത്തിൽ, വനംവകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം. വനം മന്ത്രിയാണ് അന്വേഷണത്തിന് ഉത്തരവിട്ടത്. കാട്ടാന ഷോക്കേറ്റ് ചരിഞ്ഞ കേസിൽ പാടം ഫോറസ്റ്റ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർ കസ്റ്റഡിയിലെടുത്തയാളെയാണ് എംഎൽഎ മോചിപ്പിച്ചത്. സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നയാളുടെ സഹായിയെ ആണ് ഉദ്യോഗസ്ഥർ ചോദ്യം ചെയ്യാൻ വിളിപ്പിച്ചത്.

&&&&&&&&&&&&&&&&&&

**ശബരിമല-ഇൻട്രോ**

ഇടവമാസ പൂജയ്ക്കായി ശബരിമല നട ഇന്നു വൈകിട്ട് അഞ്ചിനു തുറന്നു. ഇടവം ഒന്നായ നാളെ രാവിലെ മുതൽ പൂജകൾ ആരംഭിക്കും.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ..............

(വോയസ്)

&&&&&&&&&&&&&&&&&&

RNU TVPM

## കരിപ്പൂർ - ഹൈബ്രിഡ് കഞ്ചാവ്

കരിപ്പൂർ വിമാനത്താവളത്തിൽ വീണ്ടും ഹൈബ്രിഡ് കഞ്ചാവ് വേട്ട. 34 കിലോ കഞ്ചാവുമായി 3 സ്ത്രീകളെ കസ്റ്റംസ് ഉദ്യോഗസ്ഥർ കസ്റ്റഡിയിൽ എടുത്തു. ചെന്നൈ സ്വദേശിനി റാബിയത് സൈദു സൈനുദീൻ, കോയമ്പത്തൂർ സ്വദേശിനി കവിത രാജേഷ്കുമാർ, തൃശൂർ സ്വദേശിനി സിമി ബാലകൃഷ്ണൻ എന്നിവരാണ് പിടിയിലായത്. ഇവരുടെ പക്കൽ നിന്നും രാസ ലഹരി കലർത്തിയ തായ്‌ലൻഡ് നിർമ്മിത ചോക്ലേറ്റ്, കേക്ക്, ക്രീം ബിസ്ക്കറ്റ് എന്നിവയും പിടികൂടി.

RNU TVPM

&&&&&&&&&&&&&&&&&&

## കാലാവസ്ഥ

സംസ്ഥാനത്ത് ഇടിമിന്നലോടു കൂടിയ ഒറ്റപ്പെട്ട മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരളതീരത്ത് നാളെ രാത്രി 11.30 വരെ കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&&

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 182 പോയിൻറ് ഉയർന്ന് 81,330-ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 88 പോയിൻറ് നേട്ടത്തിൽ 24,666-ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ്ണവില കുറഞ്ഞു. പവന് 400 രൂപ കുറഞ്ഞ് 70,440 രൂപയും ഗ്രാമിന് 50 രൂപ കുറഞ്ഞ് 8,805 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

**ഖേലോ ഇന്ത്യ**

ബിഹാറിൽ നടക്കുന്ന ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന് നാളെ സമാപനമാകും. നിലവിൽ 52 സ്വർണ്ണം ഉൾപ്പെടെ 135 മെഡലുകളുമായി മഹാരാഷ്ട്ര മുന്നേറ്റം തുടരുകയാണ്. 27 സ്വർണ്ണവുമായി ഹരിയാന രണ്ടാമതും 22 സ്വർണ്ണവുമായി രാജസ്ഥാൻ മൂന്നാം സ്ഥാനത്തുമാണുള്ളത്.

RNU TVPM

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM